**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - ഏകജാലക പ്രവേശനം- സ്കൂൾ മാറ്റവും പുനപ്രവേശനവും സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്.**

**സ.ഉ (സാധാ) നം. 2051/10/പൊ.വി.വ. തീയതി. തിരുവനന്തപുരം,. 15/05/2010.**

---

പരാമർശം : 1. 11/05/09 - ലെ സ.ഉ (സാധാ) നം. 1826/09/പൊ.വി.വ.
2. 07/04/10 - ലെ സ.ഉ (സാധാ) നം. 1564/10/പൊ.വിവ.
3. 24/04/10 - ലെ ഹയർ സെക്കന്ററി ഡയറക്ടറുടെ ICT *Cell/2020/SWS/HSE/2010* എന്ന നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ സ്കൂൾ മാറ്റവും പുനഃപ്രവേശനവും സംബന്ധിച്ച് സർക്കാർ നിദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം 2010 - ലെ ഏകജാലക പ്രവേശനത്തിന്റെ പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ ഏകജാലക പ്രവേശനത്തിന്റെ വിജയകരമായ നിർവ്വഹണത്തിനായി ചില നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 11/05/09 - ലെ സർക്കാർ ഉത്തരവിന്റെ തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ഒന്നാം വർഷ മെറിറ്റ് സീറ്റിലേയ്ക്ക് സ്കൂൾ തലത്തിൽ നേരിട്ട് പ്രവേശനങ്ങളോ, സ്കൂൾ / കോമ്പിനേഷൻ മാറ്റങ്ങളോ നടത്തുവാൻ പാടുള്ളതല്ല.

(2) മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള പുനഃപ്രവേശനം പ്രവേശന നടപടികൾ അവസാനിച്ച് 10 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ ഏകജാലക സംവിധാനത്തിന്റെ വെബ് സൈറ്റ് പരിശോധിച്ച്, സ്കൂളിൽ ഒഴിവുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം അതാത് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെയോ ഹയർ സെക്കന്ററി ഡയറക്ടറുടെയോ ഉത്തരവിൻ പ്രകാരം നടത്തേണ്ടതാണ്.

ഇങ്ങനെ പ്രവേശനം നേടുന്ന വിദ്യാർത്ഥിയെ കേന്ദ്രീകൃത രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പും വിദ്യാർത്ഥിയുടെ വിവരങ്ങളും സഹിതം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.റ്റി.സി സെല്ലിനെ ഇതിനായി അറിയിക്കുന്ന സമയപരിധിക്കുള്ളിൽ പ്രിൻസിപ്പൽ ബന്ധപ്പെടണം.

(3) മെറിറ്റ് ഇതര സീറ്റുകളിലെ വിദ്യാർത്ഥികളുടെ സ്കൂൾ / കോമ്പിനേഷൻ മാറ്റങ്ങൾ ഒഴിവുകളുടെ അടിസ്ഥാനത്തിൽ അതത് പ്രിൻസിപ്പൽമാർക്ക് നടത്താവുന്നതാണ്. എന്നാൽ ഈ മാറ്റങ്ങളും ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ സ്കൂൾ മാറ്റത്തിനായി അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കണം.

(4) സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് പ്രകാരം അധിക സീറ്റ് സൃഷ്ടിച്ചുകൊണ്ട് പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം പ്രവേശന നടപടികൾ അവസാനിച്ച് 10 ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിലെ ഐ.സി.റ്റി സെല്ലിൽ എത്തിച്ച് കേന്ദ്രീകൃത രജിസ്ട്രിയിൽ പേര് ചേർക്കണം.

(5) രണ്ടാം വർഷത്തിലെ സ്കൂൾ മാറ്റങ്ങൾ സൂചന (1) ലെ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായിത്തന്നെ നടപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം.ബി. മുരളീധരൻ നായർ,**
**അണ്ടർ സെക്രട്ടറി ടു ഗവൺമെന്റ്.**

ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, (ഹയർ സെക്കന്ററി വിദ്യാഭ്യാസം).
(തിരുവനന്തപുരം /കോഴിക്കോട്/എറണാകുളം)
ഡയറക്ടർ, വിവര - പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(ആവശ്യമായ പ്രചാരണത്തിന്)
വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
11/05/09 - ലെ 1826/09/പൊ.വി.വ നമ്പർ തീർപ്പു ഫയൽ.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**